II അടിയന്തരപ്രമേയം

ഹൈക്കോടതിയുടെ പരാമർശം

മി. സ്പീക്കർ : വനം വകുപ്പ് മന്ത്രിക്ക് സംസ്ഥാനത്തെ ചന്ദന മാഫിയുമായിട്ട് നേരിട്ട് ബന്ധമുണ്ടെന്ന് കേരള ഹൈക്കോടതി കുറ്റപ്പെടുത്തിയിരിക്കുന്നതിനാലും ഭരണഘടനയും നിയമവും അനുസരിച്ച് ഭീതിയോ പക്ഷപാതമോ പ്രീതിയോ വിദ്വേഷമോ കൂടാതെ നീതി നിർവ്വഹിക്കാൻ ബാധ്യസ്ഥനായ മന്ത്രി സത്യപ്രതിജ്ഞാലംഘനം നടത്തിയതിനുശേഷവും തൽസ്ഥാനത്ത് തുടരുന്നത് ഭരണഘടനാവിരുദ്ധമായതിനാലും ഹൈക്കോടതിയുടെ മോശമായ പരാമർശങ്ങളെ തുടർന്നു മന്ത്രിമാർ രാജിവച്ച കീഴ്വഴക്കങ്ങളുടെ ലംഘനമുണ്ടായിരിക്കുന്നതിനാലും സംസ്ഥാനത്താകെ ജനങ്ങളിൽ ഉളവായിരിക്കുന്നതായി പറയപ്പെടുന്ന അത്യന്തം ഗൗരവതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാ നടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്നു ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. മത്തായി ചാക്കോ, കെ. പി. രാജേന്ദ്രൻ, എ. എ. അസീസ്, എ. സി. ഷൺമുഖദാസ്, വി.സി.കബീർ, സി. കെ. നാണു, പി. സി. ജോർജ്, ഡോക്ടർ കെ. സി.ജോസഫ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

9.30A.M.]

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, വനം വകുപ്പുമന്ത്രിക്കെതിരായ പരാമർശം ഇന്നലത്തെ കോടതി വിധിയിലുണ്ടായത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആ വിധി വിശദമായിട് ഗവൺമെന്റ് പരിശോധിച്ചു. വനം വകുപ്പുമന്ത്രിക്ക് പറയാനുള്ളത് കേൾക്കാതെയാണ് ഇങ്ങനെയുള്ള ഒരു അനുമാനത്തിൽ കോടതി എത്തിയിരിക്കുന്നത്. അതിന്റെ വിശദമായ പരിശോധനയിൽ അദ്ദേഹം എന്തെങ്കിലും തെറ്റ് ചെയ്തതായിട്ടോ സത്യപ്രതിജ്ഞ, ലംഘനവും നടത്തിയതായിട്ടോ എനിക്ക് ബോദ്ധ്യപ്പെട്ടിട്ടില്ല. ഈ വിധിക്ക് എതിരെ സുപ്രീംകോടതിയിൽ അപ്പീൽ കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. മത്തായി ചാക്കോ : സർ, കേരള വനം വകുപ്പുമന്ത്രി ശ്രീ. കെ. പി. വിശ്വനാഥൻ ചന്ദനക്കള്ളക്കടത്തു നടത്തുന്ന ചന്ദന മാഫിയായുമായി നേരിട്ട് ബന്ധമുണ്ടെന്ന് കേരള ഹൈക്കോടതിയുടെ വിധി ഇന്നലെ പുറത്തു വന്നിരിക്കുകയാണ്. ചന്ദനക്കള്ളക്കടത്തു കേസിലെ പ്രതികളായിട്ടുള്ള ആറ് പേർ മുൻകൂർ ജാമ്യത്തിനുവേണ്ടി കേരള ഹൈക്കോടതിയിൽ കൊടുത്തിട്ടുള്ള അപേക്ഷയിലാണ് ജസ്റ്റിസ് പത്മനാഭൻ നായർ ഇത്തരം ഒരു വിധി പുറപ്പെടുവിച്ചിട്ടുള്ളത്. ചോദിച്ചാൽ ഉടൻ ഏത് സർക്കാർ ഉത്തരവും നടപ്പിലാക്കാനുള്ള സ്വാധീനം ചന്ദന മാഫിയയ്ക്കുണ്ടെന്നു അദ്ദേഹത്തിന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് മുൻകൂർ ജാമ്യം നിഷേധിച്ചുകൊണ്ട്. അതുപോലെ മന്ത്രിക്ക് നേരിട്ടുള്ള ബന്ധത്തെ സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

പരാമർശം നടത്തിക്കൊണ്ടുള്ള വിധി അദ്ദേഹം പ്രഖ്യാപിച്ചത്. ഈ സാഹചര്യത്തിൽ ഹൈക്കോടതിയുടെ പരാമർശം ഉണ്ടായിട്ടും രാജിവച്ചു ഒഴിയുന്നതിനുപകരം മന്ത്രി അധികാരത്തിൽ തുടരാൻവേണ്ടിയിട്ടുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത് ഗൗരവതരമായിട്ടുള്ള ഒരു സ്ഥിതിവിശേഷം ഈ സംസ്ഥാനത്തുണ്ടാക്കിയിട്ടുണ്ട്. ഹൈക്കോടതിയുടെ ഈ പരാമർശത്തിനു ശേഷവും വനം വകുപ്പുമന്ത്രി അധികാരത്തിൽ തുടരുന്നത് ഭരണഘടനാവിരുദ്ധവും കേരള രാഷ്ട്രീയത്തിൽ നിലവിലുള്ള എല്ലാ കീഴ്വഴക്കങ്ങളുടെയും ലംഘനവുമാണെന്നുള്ളത് വ്യക്തമാണ്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പഴയ വനംവകുപ്പു മന്ത്രിയുടെ നേതൃത്വത്തിലും പുതിയ മന്ത്രി വന്നതിനുശേഷവും ചന്ദനമാഫിയായുമായി നടത്തുന്ന ഒത്തുകളി നാട്ടിലെല്ലാം പാട്ടാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് നിരവധി തവണ വസ്തുതകളുടെ പിൻബലത്തിൽ ഈ കാര്യം മുഖ്യമന്ത്രിയുടേയും അതുപോലെ ബഹുജനങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുള്ളതാണ്. കഴിഞ്ഞ ജനുവരി 12-ാം തീയതി പള്ളിവാസലിലെ ചെക്ക് പോസ്റ്റിൽ ജയറാം എന്നൊരാളെ പരിശോധനയുടെ ഭാഗമായി പിടികൂടുകയുണ്ടായി. ഏഴ് കിലോ ചന്ദന മുട്ടിയാണ് അയാളുടെ കയ്യിൽ നിന്നു ചെക്ക് പോസ്റ്റിലെ അധികൃതർ പിടികൂടിയത്. അയാളെ ചോദ്യം ചെയ്ത സമയത്ത് ഒരു കിലോഗ്രാം ചന്ദന മുട്ടിക്ക് 500 രൂപ തോതിൽ ഞാൻ ഇത് വാളയാറിലെ റൂറൽ ഇൻഡസ്ട്രിസിൽ വിൽക്കുന്നതിനു വേണ്ടിയിട്ടാണ് കൊണ്ടുപോകുന്നതെന്നു അയാൾ പറഞ്ഞത്. അതിനെത്തുടർന്ന് അന്വേഷിച്ചപ്പോൾ വാളയാറിലെ റൂറൽ ഇൻഡസ്ട്രീസ് എന്നു പറയുന്ന സ്ഥാപനം ദേവികുളം ഫോറസ്റ്റ് റെയ്ഞ്ച് ആഫീസറുടെ നേതൃത്വത്തിൽ റെയ്ഡ് ചെയ്യുകയുണ്ടായി. അങ്ങനെ റെയ്ഡ ചെയ്തപ്പോൾ മുമ്പ് സീൽ ചെയ്തു പൂട്ടിയിട്ടുള്ള ചന്ദന ഫാക്ടറിയിൽ നിന്നു 89 കിലോ ഗ്രാം ചന്ദനം അവിടെ നിന്നു പിടിച്ചെടുത്തു. 8 പേർ അവിടെനിന്ന് അറസ്റ്റിലായി. അവിടെ പൂട്ടിയിട്ട ചന്ദന ഫാക്ടറിക്ക് കാവൽ നിന്നിരുന്ന, ഫോറസ്റ്റിലെ രണ്ട് ഗാർഡുമാർ ദേവികുളം ഫോറസ്റ്റ് റെയ്ഞ്ചിൽ നിന്നു റെയ്ഡിന് ചെല്ലുമ്പോൾ ഈ ചന്ദനമുട്ടി കയറ്റുകുന്നത് കണ്ടു എന്നാണ്, ഇന്നലെ ടെലിവിഷനിൽ നിന്നു മനസിലാക്കാൻ കഴിഞ്ഞത്. ഫോറസ്റ്റുകാരും അതുപോലെതന്നെ ഗവൺമെന്റും ബന്ധപ്പെട്ടു കൊണ്ടുള്ള സംപൂർണ്ണമായിട്ടുള്ള ഒത്തുകളിയാണ് ഇതെന്നാണ് കാണാൻ കഴിയുന്നത്. 13-ന് തന്നെ, ദേവികുളം ഫോറസ്റ്റ് റെയ്ഞ്ചർ വാളയാറിലെ ഈ റൂറൽ ഇൻഡസ്ട്രിസ് എന്നു പറയുന്ന ചന്ദന ഫാക്ടറി റെയ്ഡ് ചെയ്ത ദിവസം തന്നെയാണ് ഫാക്ടറിയുടെ മാനേജരായിട്ടുള്ള മുസ്തഫ എന്നൊരാൾ ജാമ്യാപേക്ഷയുമായി കോടതിയിൽ എത്തിയത്. കോടതി വാക്കാൽ അറസ്റ്റ് ചെയ്യരുത് എന്ന നിർദ്ദേശം കൊടുത്തു. ഇതേ 13-ാം തീയതിതന്നെ മുസ്തഫ കേരള വനം വകുപ്പുമന്ത്രി ശ്രീ. കെ. പി. വിശ്വനാഥൻ ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ അന്വേഷണത്തിന്റെ പേരിൽ ഫാക്ടറികൾ റെയ്ഡ് ചെയ്യുന്നു എന്ന മട്ടിൽ, അവരെ പീഡിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്ന മട്ടിൽ. അതിന് പരിഹാരം ഉണ്ടാകണമെന്നാവശ്യപ്പെട്ടുകൊണ്ട് ടെലിഗ്രാം അയച്ചു. ഹൈക്കോടതി ചൂണ്ടിക്കാണിച്ചിട്ടുള്ള ഈ പ്രതികളെ അറസ്റ്റു ചെയ്യുന്നതിനുവേണ്ടി. ജനുവരി 14-ാം തീയതിയാണ് വാറണ്ടില്ലാതെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ദേവികുളം മജിസ്ട്രേറ്റ് കോടതിയിൽ ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ കേസ് ഫയൽ ചെയ്യുന്നത്. അത് മുൻകൂട്ടി കണ്ടുകൊണ്ട് ഫോറസ്റ്റിൽ നിന്നുള്ള അറിവിന്റെ അടിസ്ഥാനത്തിൽ ഇതേ പ്രതികൾ. 14 - ാം തീയതി കോടതിയിൽ ജാമ്യമില്ലാ വാറണ്ട് ഉണ്ടാകുമെന്നു മനസിലാക്കി തലേന്നുതന്നെ മന്ത്രിക്ക് ടെലിഗ്രാം അയയ്ക്കുകയും അതുപോലെതന്നെ ഹൈക്കോടതിയിൽ 13-ാം തീയതി തന്നെ മുൻകൂർ ജാമ്യാപേക്ഷയ്ക്ക് വേണ്ടിയിട്ടുള്ള അപേക്ഷ കൊടുക്കുകയുമുണ്ടായി. ഇത് പരിശോധിക്കണം. ഈ വിവരം കിട്ടിയ ഉടൻതന്നെ പ്രതികൾ 13-ാം തീയതി ജാമ്യാപേക്ഷക്കു കൊടുക്കുന്നു. ഈ ജാമ്യാപേക്ഷ ഹൈക്കോടതി പ്രഥമദൃഷ്ട്യാ പരിഗണിച്ചുകൊണ്ട് വാക്കാൽ ഇവരെ അറസ്റ്റ് ചെയ്യരുത് എന്ന ഉത്തരവ് ഉണ്ടായത്. ഈ പശ്ചാത്തലത്തിൽ ഇതേക്കുറിച്ച് പരിശോധിക്കണം. 2004 നവംബർ 19-ാം തീയതി കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് തിരുവനന്തപുരത്തെ നാച്വറൽ അഫയേഴ്സ് ഫോറം എന്നു പറയുന്ന ഒരു ക്ലബ്ബിന്റെയും അതുപോലെ തന്നെ വേറെ ചില സംഘടനകളുടേയും ഒരു പൊതു താൽപര്യ ഹർജിയുടെ അടിസ്ഥാനത്തിൽ കേരള ഹൈക്കോടതിയിലെ സിറിയക് ജോസഫും തോട്ടത്തിൽ രാധാകൃഷ്ണനും അംഗങ്ങളായിട്ടുള്ള ഡിവിഷൻ ബെഞ്ച് അനധികൃതമായി പ്രവർത്തിക്കുന്ന ചന്ദന ഫാക്ടറികൾ പൂർണ്ണമായി പൂട്ടണം എന്നുള്ള ഒരു ഉത്തരവ് പുറപ്പെടുവിച്ചു. ആ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ചില പ്രദേശങ്ങളിൽ പ്രത്യേകിച്ച് പാലക്കാട്; 24 ചന്ദന ഫാക്ടറികൾ കേരളത്തിലുള്ളതിൽ 14 ഫാക്ടറികളും പ്രവർത്തിക്കുന്നത് പാലക്കാടാണ്. ഒലവക്കോട് ഫോറസ്റ്റ് കൺസർവേറ്ററായിട്ടുള്ള അമർനാഥ് ഷെട്ടി പാലക്കാട് 4 ഫാക്ടറികൾ പൂട്ടാനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിച്ചു. അതിനെത്തുടർന്നു വനംവകുപ്പു മന്ത്രിയുടെ ആഫീസിൽ നിന്നു ഉണ്ടായിട്ടുള്ള ഇടപെടൽ സംബന്ധിച്ച് അമർനാഥ് ഷെട്ടി ഒലവക്കോട് ഫോറസ്റ്റ് കൺസർവേറ്റർ വനം വകുപ്പ് സെക്രട്ടറിക്ക് ഒരു കത്ത് അയച്ചു. ആ കത്തിൽ അയാൾ പറയുന്നത് ഉന്നത കേന്ദ്രങ്ങളിൽ നിന്നു വനം വകുപ്പു മന്ത്രി തന്നെ ഇടപെടുന്നതുകൊണ്ടും. അദ്ദേഹത്തിന്റെ സമ്മർദ്ദംമൂലവും അനധികൃത ചന്ദന ഫാക്ടറികൾക്ക് എതിരെ നടപടികൾ സാധ്യമാകുന്നില്ല എന്നാണ് ആ കത്തിന്റെ പകർപ്പ് ഈ പരാതിയുടെ ഭാഗമായിട് കോടതിയിലുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഇത് പരിശോധിച്ചിട്ടുണ്ട്. ഇത് വന്നതിനുശേഷവും. വനംവകുപ്പ് സെക്രട്ടറിക്ക് കത്തയച്ചതിനുശേഷവും വനം വകുപ്പുമന്ത്രി നേരിട്ട് ഇടപെട്ടുകൊണ്ട് ഈ അമർനാഥ് ഷെട്ടിയെ പാലക്കാട് നിന്നു കൊല്ലത്തേയ്ക്ക് ട്രാൻസ്ഫർ ചെയ്തു. അമർനാഥ് ഷെട്ടി എറണാകുളത്തുള്ള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിന്ന് ഈ സ്ഥലം മാറ്റത്തിന് എതിരായിട് മാർച്ച് മാസം 31 വരെ സ്റ്റേ ഉത്തരവ് വാങ്ങിക്കൊണ്ടാണ് അവിടെ നിൽക്കുന്നത്. ഇവിടെയാണ് ഇടപെടൽ നടക്കുന്നത്. വാളയാറിലെ ഫാക്ടറി റെയ്ഡിനെ സംബന്ധിച്ച് ദേവികുളം റെയ്ഞ്ചറും അതുപോലെതന്നെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഒലവക്കോട് ഫോറസ്റ്റ് കൺസർവേറ്ററും ഔദ്യോഗികമായി തിരുവനന്തപുരത്തുള്ള ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് റിപ്പോർട്ട് കൊടുക്കുന്നത് 17 - ാം തീയതിയാണ്. 16 - ാം തീയതി ഔദ്യോഗിക റിപ്പോർട്ട് വരുന്നതിനുമുമ്പ് തന്നെ ജനുവരി- 15-ന് മന്ത്രി നേരിട്ട് ഫോറസ്റ്റ് വിജിലൻസിനോട് ഈ ഉദ്യോഗസ്ഥന്മാരെക്കുറിച്ച് അന്വേഷണം നടത്തണമെന്നു ആവശ്യപ്പെട്ടു. ഇതിപ്പോൾ കോടതി വിധി മാത്രമല്ല, കോടതിയുടെ പരാമർശം മാത്രമല്ല. ഇത് മലയാള മനോരമ പത്രമാണ്. 18 - ാം തീയതിയിലെ മനോരമയിൽ പൂട്ടിയ ചന്ദന ഫാക്ടറിക്ക് കാവൽ ഏർപ്പെടുത്തിയതിൽ വീഴ്ച എന്നു ഹെഡിംഗിൽ ഒരു വാർത്തയുണ്ട്.

ചന്ദനം പിടിച്ചെടുത്തതിൽ അപാകതകളുണ്ടെന്ന് പരാതി ഉണ്ടായതിനെ തുടർന്ന് മന്ത്രി വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടു- മലയാള മനോരമ. ഇത് മാധ്യമത്തിന്റെ റിപ്പോർട്ടാണ്; ഇതിലും വിജിലൻസ് അന്വേഷണത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അത് കാണിക്കുന്നത് മന്ത്രി തന്നെ നേരിട്ട് ഇതിനാവശ്യമായ ഉത്തരവിട്ടു എന്നാണ്. ഹൈക്കോടതി ജഡ്ജ്മെന്റിന്റെ ഒരു ഭാഗം ഞാൻ ഇവിടെ വായിക്കുകയാണ്. ബഹുമാനപ്പെട്ട പത്മനാഭൻ നായർ പറഞ്ഞിരിക്കുന്നത് "It further shows that accused have direct access to Minister and they are capable of getting any order from the Government by mere asking". ചോദിച്ചാലുടൻ ഉത്തരവ് കൊടുക്കുന്ന രൂപത്തിൽ ഈ പ്രതികൾക്ക് direct access ഉണ്ടെന്ന് കേരള ഹൈക്കോടതിയിലെ പ്രശസ്തനായ ഒരു ജഡ്ജി ഈ ഉത്തരവിൽ പറഞ്ഞിട്ടും നാണം കെട്ട് ചടഞ്ഞുകൂടി ഇരിക്കുകയാണ് ആ മന്ത്രി. ആ മന്ത്രിയെ പുറത്താക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണം. ഇത് ഭരണഘടനയുടെ ശുദ്ധമായ ലംഘനമാണ്. ഭരണഘടന പറയുന്നത് പോലെ പ്രീതിയോ വിദ്വേഷമോ കൂടാതെ ഭരണവും നീതിയും നടത്താൻ ബാധ്യസ്ഥനായ മന്ത്രി കേരളത്തിലെ ഏറ്റവും സമ്പന്നമായ മറയൂരിലെ ചന്ദന മരങ്ങൾ വെട്ടി കള്ളക്കടത്തായി കൊണ്ടുവന്നിട്ട് ഗോവയിലും പോണ്ടിച്ചേരിയിലുമൊക്കെ കൊണ്ടുപോയി ലക്ഷക്കണക്കിന് രൂപ തട്ടിയെടുക്കുന്ന ചന്ദന മാഫിയയോട് വളരെ ലോഹ്യത്തിലും അവർക്ക് പണം സമ്പാദിക്കുന്നതിനു വേണ്ടി നേരിട്ട് പങ്കാളിയായി എന്നുള്ള പരാമർശം കേരള ഹൈക്കോടതി നടത്തിയിരിക്കുകയാണ്.

കേരളത്തിലെ കീഴ്വഴക്കം നമ്മൾ പരിശോധിക്കണം. 1977-ൽ കോടതിയിൽ കൊടുത്തിട്ടുള്ള സത്യവാങ്മൂലം വസ്തുതാപരമല്ല എന്നുള്ള പരാമർശത്തിന്റെ പേരിൽ രാജൻ കേസ് വന്നപ്പോൾ അന്നത്തെ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ രാജി വച്ചു. തുടർന്നാണ് ശ്രീ. എ. കെ. ആന്റണി കേരളത്തിൽ മുഖ്യമന്ത്രിയായി വന്നത്. അതുപോലെ പഞ്ചാബ് മോഡൽ പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ പാലായിലെ ഒരു കോൺഗ്രസ്സ് നേതാവിന്റെ പുത്രൻ കൊടുത്ത പരാതിയുടെ അടിസ്ഥാനത്തിൽ അന്ന് ഹൈക്കോടതിയുടെ പരാമർശം ഉണ്ടായപ്പോൾ ബഹുമാനപ്പെട്ട ആർ. ബാലകൃഷ്ണപിള്ള അപ്പോൾത്തന്നെ രാജി വച്ചു.

അതിനുശേഷമാണ് ബഹുമാന്യനായ അദ്ദേഹം സുപ്രീംകോടതിയിൽ പോയത്. അങ്ങനെയുള്ള കീഴ്വഴക്കം ഇവിടെയുണ്ട്. ഇവിടെ മുഖ്യമന്ത്രി പറയുന്നത് ഞങ്ങൾ സുപ്രീംകോടതിയിലേക്ക് പോകുമെന്നാണ്. അന്ന് ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ രാജിക്കുവേണ്ടി ഓടി അദ്ദേഹത്തിന്റെ വീട്ടിലെത്തിയ ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഇവിടെ ഇരട്ടത്താപ്പ് നയമാണ് സ്വീകരിക്കുന്നത്. ചന്ദന മാഫിയയേയും അവരെ സംരക്ഷിക്കുന്ന വനം വകുപ്പുമന്ത്രിയേയും സംരക്ഷിക്കുന്ന നാണംകെട്ട നിലപാടാണ് അദ്ദേഹം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ശ്രീ. എം. പി. ഗംഗാധരന്റെ പ്രായപൂർത്തിയാകാത്ത മകളെ വിവാഹം ചെയ്തുകൊടുത്തതിനെ തുടർന്ന് ജസ്റ്റിസ് ശ്രീധരന്റെ ഒരു പരാമർശമുണ്ടായി. അപ്പോൾ അദ്ദേഹം ന്യായങ്ങളൊന്നും പറയാതെ രാജി വച്ചു. ഈ മുന്ന് കീഴ്വഴക്കങ്ങളും കേരളത്തിൽ ഹൈക്കോടതി വിധിയുമായി ബന്ധപ്പെട്ട് വന്നിട്ടുള്ളതാണ്. ചന്ദന മാഫിയയുമായി ബന്ധപ്പെട്ട് അവരുടെ അടിമയെപ്പോലെ പെരുമാറുന്ന, അവരുടെ കാശ് വാങ്ങുന്ന മന്ത്രി അധികാരത്തിൽ തുടരുന്നതിന് കേരളത്തിലെ ജനങ്ങൾ എതിരാണ്. അതുകൊണ്ട് മുഖ്യമന്ത്രി ഈ മന്ത്രിയെ പിടിച്ച് പുറത്താക്കുകയാണ് വേണ്ടത്. ഇതു സംബന്ധിച്ച് സമഗ്രമായ ഒരു അന്വേഷണം നടത്തണം. സഭയുടെ മറ്റ് നടപടികൾ നിർത്തിവച്ചു കൊണ്ട് ഈ വർഷം ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

(ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇന്നലെ ഉണ്ടായ കോടതി വിധി വിശദമായി ഗവണ്മെന്റ് പരിശോധിച്ചു. അതിൽ ഒന്നാമതായി പറഞ്ഞിരിക്കുന്നത് "It is very interesting to note that on 13-1-2005 even according to the petitioners no attempt could have been made by any forest officials to arrest any accused involved in the case in violation of the orders of this court. The warrant of the arrest was obtained only on 14-1-2005. How the petitioners could bring such action of Forest Range Officer applying for a warrant of arrest on 14-1-2005 to the attention to the Minister on 13-1-2005". 14-ാം തീയതി വാറണ്ടിന് അപേക്ഷിക്കുന്ന വിവരം 13-ാം തീയതി എങ്ങനെയാണ് പ്രതികൾ അറിഞ്ഞ് മന്ത്രിക്ക് ടെലിഗ്രാം അടിച്ചത് എന്നാണ്? ടെലിഗ്രാമിനകത്ത് വാറണ്ടിനെക്കുറിച്ചല്ല പറഞ്ഞിരിക്കുന്നത് Attempt by forest officials to foist false case against us എന്നുപറഞ്ഞാണ്. വാറണ്ട് അറിഞ്ഞുകൊണ്ട് അയച്ചു എന്നുപറയുന്നത് ഒരു mistake of fact ആണ്. രണ്ടാമതായി "On mere receipt of the telegram from the accused in this case addressed to the Honourable Minister for Forest, the Government took immediate action by ordering vigilance enquiry against the forest officials who detected the offences." ഒരു ടെലിഗ്രാം കിട്ടിയതിന്റെ പേരിൽ ഇമ്മീഡിയറ്റായി വിജിലൻസ് എൻക്വയറിക്ക് ഓർഡർ ചെയ്ത മന്ത്രിയുടെ നടപടിയെ കുറിച്ചാണ് ഇവിടെ പരാമർശിച്ചിരിക്കുന്നത്. ഞാൻ എല്ലാ റെക്കോർഡുകളും പരിശോധിച്ചു. ആ ടെലിഗ്രാമിന്റെ പുറത്ത് ഒരു ആക്ഷനും എടുത്തിട്ടില്ല. അത് അവിടെ വന്നതല്ലാതെ അതിൽ ഒരു വിജിലൻസ് എൻക്വയറിയും നടന്നിട്ടില്ല ..... (ബഹളം) .....

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ഈ സഭയ്ക്ക് ഉറപ്പു തരികയാണ്. അതിന്റെ ഉത്തരവാദിത്തം ഞാൻ ഏറ്റെടുത്തുകൊണ്ടാണ് പറയുന്നത്. അതിന്റെ മുഴുവൻ റെക്കോർഡുകളും നോക്കിയിട്ടാണ് പറയുന്നത്. എൻക്വയറി നടന്നു. എങ്ങനെയാണെന്ന് അറിയാമോ? അവിടത്തെ വിജിലൻസിന്റെ ചാർജ്ജ് വഹിക്കുന്ന ശ്രീ. സി. ബാലചന്ദ്രൻ നായർ എൻക്വയറി നടത്തി എന്നാണ് പറയുന്നത്. എൻക്വയറി നടന്നു. മലയാള മനോരമയിൽ വന്ന ഒരു റിപ്പോർട്ട്; ചന്ദന റെയ്ഡിൽ കള്ളക്കളി. വനം വിജിലൻസ് അന്വേഷിക്കും. ഈ വാർത്ത കണ്ടുകൊണ്ട് ശ്രീ. സി. ബാലചന്ദ്രൻ നായർ ഒരു എൻക്വയറി നടത്തി. മന്ത്രിക്ക് അയച്ച ടെലിഗ്രാമുമായോ മന്ത്രിയുമായോ ഗവണ്മെന്റുമായോ ഇതിന് ഒരു ബന്ധവുമില്ല. പത്രത്തിൽ ഒരു വാർത്ത വന്നാൽ ഉദ്യോഗസ്ഥർ അന്വേഷിക്കണം. അതനുസരിച്ച് അന്വേഷിച്ചതായി അദ്ദേഹം ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, വിജിലൻസിനെ അറിയിച്ചിട്ടുണ്ട്. ടെലിഗ്രാമിനെക്കുറിച്ചും എൻക്വയറിയെക്കുറിച്ചും പറഞ്ഞിരിക്കുന്നത് mistake of fact ആയി വന്നിരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. മത്തായി ചാക്കോ ഇവിടെ വായിച്ച ഒരു വാചകം കോടതി വിധിയിലുള്ളതാണ്. " It further shows that accused have direct access to the Minister and they are capable of getting any orders from the Government by mere asking." അങ്ങ് അതിന് തൊട്ടുമുമ്പുള്ള ഒരു വാചകം വായിക്കേണ്ടതായിരുന്നു. " Those averments, if accepted, will establish the nexus between the sandalwood mafia and politicians." ഈ പ്രതികൾ അവർക്ക് ജാമ്യം കിട്ടുന്നതിനുവേണ്ടി കൊടുത്ത സ്റ്റേറ്റ്മെന്റിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ അക്സെപ്റ്റ് ചെയ്യുകയാണെങ്കിൽ ..... (ബഹളം)..... സ്വീകരിക്കുകയാണെങ്കിൽ എന്ന് പറഞ്ഞിരിക്കുന്നു. പ്രതികൾ എന്താണ് പറഞ്ഞിരിക്കുന്നത്. "More strange thing is that going by the averments contained in Para 4 of the bail application filed by the accused (9 to 11), the Government was convinced of the fact that the search and seizure was conducted at the instance of Shri Amarnath Shetty and the same was illegal and irregular."

ഈ പ്രതികൾ ജാമ്യം കിട്ടുന്നതിനുവേണ്ടി കൊടുത്തിട്ടുള്ള സ്റ്റേറ്റ്മെന്റിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ അക്സപ്റ്റ് ചെയ്യുകയാണെങ്കിൽ, എന്നു പറഞ്ഞിരിക്കുന്നു .....(ബഹളം)..... പ്രതികൾ എന്താ പറഞ്ഞിരിക്കുന്നത്? പ്രതികൾ അവർക്ക് ജാമ്യം കിട്ടാൻവേണ്ടി കൊടുത്ത അപേക്ഷക്കകത്ത് എന്തെങ്കിലും എഴുതി വച്ചാൽ അത് മന്ത്രിക്ക് ബാധകമാകുമോ; ഡിപ്പാർട്ടുമെന്റിന് ബാധകമാകുമോ ..... . (ബഹളം) ..... ബഹുമാനപ്പെട്ട കോടിയേരി, ഇതിനെയെല്ലാം ബെയ്സ് ചെയ്തിരിക്കുന്നത്, ഈ പ്രതികൾ കൊടുത്തിട്ടുള്ള averments ആണെന്ന് വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു. പറഞ്ഞിരിക്കുന്ന രണ്ടു കാര്യങ്ങളും, ഒന്ന് telegram, warrant issues ചെയ്യുന്നതിനെക്കുറിച്ചാണെന്ന് പറഞ്ഞത് factual mistake. രണ്ട്, ഇതിന്റെ പുറത്ത് വിജിലൻസ് എൻക്വയറി ഓർഡർ ചെയ്തിരിക്കുന്നു എന്നുള്ളത് factual mistake. ഈ രണ്ട് factual mistake-ന്റെ സാഹചര്യത്തിലും ജാമ്യം കിട്ടാൻ വേണ്ടി..... ...(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ : Sir, Rule 284. A member while speaking shall not (i) refer to any matter of fact on which a judicial decision is pending; ജുഡീഷ്യൽ ഡിസിഷൻ പെന്റിംഗിൽ കിടക്കുന്ന സമയത്ത് നിങ്ങൾ അതിന്റെ ഉള്ളിലേക്ക് കടന്ന് എങ്ങനെയാണ് വർത്തമാനം പറയുന്നത്?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): Sir, I am on a point of order. അങ്ങനെയാണെങ്കിൽ അടിയന്തരപ്രമേയം പിൻവലിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് ഈ കോടതി വിധിക്കെതിരായിട്ട് സുപ്രീം കോടതിയിൽ അപ്പീൽ പോകാൻ തീരുമാനിച്ചിട്ടുണ്ടെന്നാണ്. ഈ കോടതി വിധി അനുകൂല പ്രഖ്യാപനമാണെങ്കിൽ പിന്നെന്തിനാണ് സുപ്രീം കോടതിയിൽ പോകുന്നത്?

ശ്രീ. ഉമ്മൻ ചാണ്ടി: ഞാൻ പറഞ്ഞല്ലോ ഇതിനകത്ത് മന്ത്രിയ്ക്ക് പറയാനുള്ളത് കേൾക്കാതെ, ഗവൺമെന്റിനോ മന്ത്രിക്കോ ഒരു ബന്ധവും ഇല്ലാത്ത കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഈ കേസിൽ ജാമ്യം കിട്ടാൻ വേണ്ടി പ്രതികൾ കൊടുത്ത ഒരു സ്റ്റേറ്റ്മെന്റിനെ ആശ്രയിച്ചാണ് കൊണ്ടുവന്നിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ മാത്രം വന്നിട്ടുള്ള പരാമർശമാണ്. ശ്രീ. മത്തായി ചാക്കോ ഇവിടെ ജഡ്ജ്മെന്റ് വായിച്ചു. അതുകൊണ്ട് തന്നെയാണ് ഞാനും ജഡ്ജ്മെന്റിന്റെ ഭാഗങ്ങൾ വായിച്ചത്. ഞാൻ ഇതെല്ലാം ..... (ബഹളം) .....ഇതിന്റെ എല്ലാ വശങ്ങളും പരിശോധിച്ചു. മന്ത്രിയ്ക്ക് കേൾക്കാതെയുള്ള ഈ വിധിക്കെതിരെ ഗവൺമെന്റ് അപ്പീൽ കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. മന്ത്രി പറയാനുള്ളത് സത്യപ്രതിജ്ഞാ ലംഘനം നടത്തിയിട്ടില്ല. ഇക്കാര്യത്തെ സംബന്ധിച്ച് ഏറ്റവും ബോധ്യപ്പെട്ടിട്ടുള്ള കാര്യങ്ങളാണ് ഈ സഭയിൽ ഉന്നയിച്ചിട്ടുള്ളത്.

വനം വകുപ്പു മന്ത്രി (ശ്രീ. കെ.പി. വിശ്വനാഥൻ): സർ, പ്രതി കൊടുത്ത അപേക്ഷയിൻമേൽ ഉണ്ടായിട്ടുള്ള ബഹുമാനപ്പെട്ട കോടതിയുടെ പരാമർശങ്ങളാണ് ശ്രീ. മത്തായി ചാക്കോയും അതിനു മറുപടിയായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഈ സഭയിൽ പറഞ്ഞത്. ഞാൻ ഒരു സത്യപ്രതിജ്ഞാ ലംഘനവും നടത്തിയിട്ടില്ല. എന്റെ മനസാക്ഷിയനുസരിച്ച് ഈ വകുപ്പിൽ ഞാൻ വളരെ സത്യസന്ധമായി പ്രവർത്തിച്ചിട്ടുണ്ട്. ഒരുകാര്യം ഞാൻ ഓർമ്മിപ്പിക്കുകയാണ്. കഴിഞ്ഞ പത്തു കൊല്ലമായി കേരളത്തിലെ ഒരു ചന്ദന ഫാക്ടറിയിലും ഒരു ഉദ്യോഗസ്ഥനും റെയിഡ് നടത്തിയിട്ടില്ല. അതുപോലെത്തന്നെ നിങ്ങൾ ഇവിടെ പരാമർശിച്ച കൺസർവേറ്റർ ശ്രീ. അമർനാഥ് ഷെട്ടി മൂന്നു കൊല്ലമായി ഇവിടെ കൺസർവേറ്ററാണ്. ഇവിടെ റെയ്ഡ് നടത്തിയത് ഈ ഗവൺമെന്റ് വന്നതിനുശേഷം വിജിലൻസ് സി.സി.എഫ്. കെ.കെ. തിവാരിയെ ഞാൻ രഹസ്യമായി പറഞ്ഞച്ചാണ്. ഇവിടെ റെയിഡ് നടത്തിയതിന്റെ പിറ്റെ ദിവസമാണ് അമർനാഥ് ഷെട്ടിയെ ഏൽപിച്ചത്. അമർനാഥ് ഷെട്ടി എന്താ ചെയ്തിട്ടുള്ളതെന്ന് മനസ്സിലായല്ലോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മനസ്സിലായില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി. വിശ്വനാഥൻ: ക്ലിയറായി ഞാൻ പറഞ്ഞുതരാം. ക്ലിയറാക്കിയിട്ടേ ഞാൻ ഇവിടെനിന്ന് പോകുന്നുള്ളൂ. നിങ്ങൾ മനസ്സിലാക്കാൻ കുറച്ച് സമയമെടുക്കുമെന്നുള്ളത് വേറെ പ്രശ്നം. കെ.കെ. തിവാരിയെന്നു പറയുന്ന സി.സി.എഫ്.-നെ ഞാൻ പറഞ്ഞയച്ചതിനുശേഷമാണ് കേരളത്തിൽ പത്ത് വർഷത്തിനുശേഷം റെയിഡ് നടന്നത്. അതിനുശേഷം ഫാക്ടറി പൂട്ടിയിട്ട് സീൽ ചെയ്തു. അതുപോലെ തന്നെ അവിടെ കാവൽ നിർത്തിയതിൽനിന്ന് മൂന്നാറിൽനിന്ന് പോയ ആളുകൾ രണ്ടാമതും അതിൽ ഓയിലും അതുപോലെ ചന്ദന കഷ്ണങ്ങളുമുണ്ടെന്ന് കണ്ടെത്തി. ആ വാർത്തയാണ് മനോരമയിൽ വന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ബാലചന്ദ്രൻ നായരെ അന്വേഷണത്തിന് ചുമതലപ്പെടുത്തി. അയാളുടെ ചുമതലയാണത്. അയാളെ ഒരാളും കുറ്റം പറയേണ്ട. അയാൾ വീഴ്ച വരുത്തിയിട്ടില്ല. വളരെ വ്യക്തമായി ഞാൻ പറയാം. യാതൊരു തരത്തിലുള്ള ഇടപെടലും ഇതുവരെ ഞാൻ നടത്തിയിട്ടില്ല. അതുമാത്രമല്ല ടെലിഗ്രാം എനിക്ക് കിട്ടിയെന്നുള്ളത് വാസ്തവമാണ്. എന്റെ കയ്യിലുണ്ട്. അതിൽ ഒരു ആക്ഷനും ഞാൻ എടുത്തിട്ടില്ല. ഏതെങ്കിലും തരത്തിൽ തെളിയിക്കപ്പെടുകയാണെങ്കിൽ നിങ്ങൾ പറയുന്ന എല്ലാ ശിക്ഷയും ഏറ്റ് വാങ്ങാൻ തയ്യാറാണ്. യാതൊരു സംശയവും വേണ്ട. അതുപോലെ തന്നെ ഒരു ഇടപെടലും നടത്തിയിട്ടില്ല. പക്ഷെ കോടതി ഇങ്ങനെ പറഞ്ഞപ്പോൾ തീർച്ചയായിട്ടും ഇന്ന് പത്രങ്ങളിലും വാർത്ത വന്നപ്പോൾ ഇങ്ങനെ വല്ലാത്ത ഒരു സംശയത്തിന്റെ പുകമറ സൃഷ്ടിച്ചുകൊണ്ടുള്ള സാഹചര്യം നിലനിൽക്കുകയാണ്. ഞാൻ അതിലേക്ക് വരാം. വളരെ വ്യക്തമായി എനിക്ക് പറയാനുള്ളത്, ഞാൻ ഒരുപാട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ദേശാഭിമാനിയിൽ ഒരു ലേഖനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഞാനെടുത്ത നടപടികൾ മുഴുവൻ പിറ്റേ ദിവസം തന്നെ അദ്ദേഹത്തിന്റെ വീട്ടിൽ എത്തിച്ചു. അതിന്റെ കോപ്പി എന്റെ കൈയിൽ ഉണ്ട്. അതിനുശേഷം ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ വനമേഖലയിൽ നടക്കുന്ന എല്ലാത്തിനെക്കുറിച്ചും ജനങ്ങൾക്ക് വളരെയധികം ആശങ്കയുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് ഞാൻ കടപ്പെട്ടിരിക്കുന്നു. അദ്ദേഹം ഈ രംഗത്ത് വളരെയധികം നല്ല പോരാട്ടം നടത്തുന്നുണ്ട്. ഞാൻ അതിനെ വളരെയധികം അപ്രീഷിയേറ്റ് ചെയ്യുന്ന ആളാണ്. അതനുസരിച്ച് ഞാൻ വളരെ ദ്രുതഗതിയിൽ ആക്ഷനെടുത്തു. മറയൂരിൽ ഓരോ വർഷവും നടക്കുന്ന മരം മുറിയുടെ, കൊള്ളയുടെ ലിസ്റ്റ് അവതരിപ്പിച്ചു തരാം. മുഴുവൻ വെട്ടിക്കൊണ്ട് പോകുകയാണ്. പക്ഷെ കർശന നടപടിയെടുത്തു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതനുസരിച്ചുതന്നെ അവിടെ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. ആനന്ദ് ബോസിനെ, പ്രൊട്ടക്ഷൻ സി.സി.എഫ്.-നെ ഒക്കെ പറഞ്ഞയച്ചു. അവർ അവിടുത്തെ സാഹചര്യത്തെക്കുറിച്ച് പഠിച്ചു. അവിടുത്തെ സ്റ്റാഫ് പോര എന്നുള്ള അഭിപ്രായമുണ്ട്. അതുപോലെ സ്റ്റാഫിന് ആയുധങ്ങൾ പോരെന്നും, സൗകര്യങ്ങൾ പോരെന്നുമുള്ള അഭിപ്രായവുമുണ്ട്. ഞങ്ങൾ കഴിഞ്ഞ ദിവസം വളരെ വ്യക്തമായി ചർച്ച ചെയ്തു. നമ്മുടെ പ്രിൻസിപ്പൽ സെക്രട്ടറി തന്നെ പി.സി.സി.എഫ്.-ന് വളരെ ശക്തമായിട്ടുള്ള നിർദ്ദേശം കൊടുത്തു. വളരെ ശക്തമായിട്ടുള്ള സംരക്ഷണം മറയൂർ പോലുള്ള സ്ഥലങ്ങളിൽ

ലഭ്യമാക്കിയിട്ടുണ്ട്. അതുപോലെതന്നെ ഒരു കാര്യം കൂടി മനസ്സിലാക്കണം പോണ്ടിച്ചേരിയിലും പോയി റെയ്ഡ് നടത്തി. ഇവരെ രക്ഷിക്കണമെന്ന് എന്തെങ്കിലും ആഗ്രഹമുണ്ടെങ്കിൽ റെയ്ഡ് നടത്തിക്കുമോ? ഞാൻ വളരെ അഭിമാനത്തോടുകൂടി പറയുന്നു കേരളത്തിന്റെ ചരിത്രത്തിൽ ഞാൻ മാത്രമേ റെയ്ഡ് നടത്തിച്ചിട്ടുള്ളൂ. നിങ്ങളെ ഞാൻ വെല്ലുവിളിക്കുന്നു. മുൻ മന്ത്രിമാർ ഇവിടെ ഇരിക്കുന്നുണ്ട് കഴിഞ്ഞ കാലഘട്ടം മുതൽ ഞാൻ അധികാരം ഏറ്റെടുക്കുന്നതുവരെ ഏതെങ്കിലും റെയ്ഡ് നടത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കണം. മറയൂരിന് മാത്രമായി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നതിനായി പ്രതിപക്ഷ നേതാവിന്റെ കത്തിൽനിന്നും, അദ്ദേഹത്തിന്റെ ലേഖനത്തിൽനിന്നും മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പെട്ടെന്ന് തന്നെ ഈ വിഷയം ചർച്ച ചെയ്തു.

അതുകഴിഞ്ഞ് ഞങ്ങൾ യോഗം കൂടി ഒരു ടാസ്ക് ഫോഴ്സിനെ നിശ്ചയിച്ചു. അതിന് എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്ത് അതിന്റെ നടപടികൾ ആരംഭിക്കാൻ പോകുകയാണ്. അതിൽ ഒരു എ.സി.എഫ്, മൂന്നു റെയിഞ്ചർമാർ, 9 ഫോറസ്റ്റർ, 30 ഗാർഡുമാർ എന്നിങ്ങനെ ഉൾപ്പെടുത്തി മൂന്നു ബാച്ചായി തിരിച്ചു. അവർക്ക് താമസിക്കാൻ ടെന്റ് കെട്ടി. മൂന്ന് ഏരിയായിൽ ആളുകളെ നിർത്താൻ വേണ്ടിയാണ്. ഇതെല്ലാം ഞങ്ങൾ ഡിസ്ക്കസ് ചെയ്തു. അവർക്ക് ഭക്ഷണം, ആവശ്യമായ തോക്കുകൾ ഇതെല്ലാം കൂടി കൊടുക്കുകയാണ്. ഇത്രയും നടപടികൾ സ്വീകരിച്ചിട്ടും അവിടെ കടത്ത് നടക്കുന്നില്ലായെന്ന് ഞാൻ പറയുന്നില്ല. ശ്രീ. മത്തായി ചാക്കോ പറഞ്ഞത് വളരെ സത്യമാണ്. ഒരു കിലോ ചന്ദനത്തിന് മൂവായിരം രൂപയാണ് വില. ഇത്രയും വിലപിടിപ്പുള്ള സാധനങ്ങൾ നമ്മുടെ വലിയ സ്വത്ത് തന്നെയാണ്. ഇത്രയും കാര്യങ്ങൾ ഞാൻ ചെയ്തു. നിങ്ങളാതെങ്കിലും ചെയ്തിട്ടുണ്ടോ? വേറെ ഏതെങ്കിലും മന്ത്രി ചെയ്തിട്ടുണ്ടോ? അതു പരിശോധിക്കണം. എന്നെ കോടതി കൊലക്കുറ്റത്തിന് ശിക്ഷിക്കാൻ തീരുമാനിച്ചു. അതനുസരിച്ച് എന്നെ കയറ്റിയിട്ടില്ല. എന്നിട്ടും നിങ്ങൾക്ക് തൃപ്തിയായിട്ടില്ല. കോടതിയുടെ സ്റ്റേറ്റ്മെന്റിന്റെ മുകളിൽ, അല്ലെങ്കിൽ ആ പരാമർശത്തിന്റെ മുകളിൽ നിങ്ങൾ നിൽക്കുകയാണ്. അതുകൊണ്ട് ഒന്നേ എനിക്ക് പറയാനുള്ളൂ. ഇത് വളരെ most unkindest cut ആണ്. ഷേക്സ്പിയറുടെ വാക്കാണ്. അങ്ങേയറ്റം unkindest ആയിപ്പോയി. അതാണ് നിങ്ങളും കോടതിയും ചെയ്തത്. അതുകൊണ്ട് എനിക്ക് ഈ അവസരത്തിൽ സഭയേയും പ്രത്യേകിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും അറിയിക്കാനുള്ള ഒരു കാര്യം, ഇത്രയും വലിയൊരു പുകമറ സൃഷ്ടിച്ചുകൊണ്ട് കേരളത്തിലെ മുഴുവൻ ജനങ്ങളെ, അതുപോലെ വിദേശത്തുള്ള എല്ലാ ആളുകളേയും ഇങ്ങനെയൊരു സംശയത്തിന്റെ നിഴലിൽ നിർത്തി ഞാൻ മുന്നോട്ടു പോകാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് സത്യം ചെയ്താൽ മാത്രം പോരാ, സത്യം ബോധ്യപ്പെടുകയും വേണം. സത്യം ബോധ്യപ്പെടുന്നതുവരെ ഞാൻ കാത്തിരിക്കുകയാണ്. ഞാൻ മന്ത്രിസ്ഥാനം രാജി വയ്ക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഈ തീരുമാനം ശ്രീ. കെ.പി. വിശ്വനാഥന്റെ മാത്രം തീരുമാനമാണ്. ഈ ജഡ്ജ്മെന്റുകളും എല്ലാ രേഖകളും പരിശോധിച്ചതിൽ അദ്ദേഹം ഏതെങ്കിലും വിധത്തിലുള്ള തെറ്റ് ചെയ്തതായി എനിക്ക് ബോധ്യപ്പെട്ടിട്ടില്ല. പക്ഷേ അദ്ദേഹം വ്യക്തിപരമായി അതിൽ നിർബന്ധിക്കുന്നു. അദ്ദേഹം പറഞ്ഞ വാചകം സത്യം ചെയ്താൽ മാത്രം പോരാ, സത്യം ചെയ്തു എന്ന് മറ്റുള്ളവരെ ബോധ്യപ്പെടുത്തുകയും കൂടി ചെയ്യണമെന്നാണ്. ആ സാഹചര്യത്തിൽ അദ്ദേഹം രാജി വയ്ക്കുന്നു എന്നുള്ളത് നിർബന്ധമായിട്ട് എന്നോട് ആവശ്യപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് അദ്ദേഹത്തിന്റെ രാജി സ്വീകരിക്കാൻ ഞാൻ നിർബന്ധിതനായി തീർന്നിരിക്കുന്നു. ഇതിനെതിരെ സുപ്രീംകോടതിയിൽ ഗവൺമെന്റ് അപ്പീലിനുപോകും. അതോടൊപ്പം തന്നെ കഴിഞ്ഞ പത്തു വർഷക്കാലമായി ചന്ദന മേഖലയിൽ നടന്നിട്ടുള്ള എല്ലാ പ്രവർത്തനങ്ങളെക്കുറിച്ചും അതു സംബന്ധിച്ച് നടത്തിയിട്ടുള്ള റെയ്ഡുകൾ, അവിടെ എടുത്തിട്ടുള്ള കേസുകൾ അവിടെ നടന്നിട്ടുള്ള മറ്റു നടപടികൾ എന്നിവയെക്കുറിച്ച് വിശദമായ അന്വേഷണം നടത്താനും ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്.

മി. സ്പീക്കർ: ഇവിടെ നടന്ന എല്ലാവരുടേയും അഭിപ്രായങ്ങളുടേയും പ്രതികരണങ്ങളുടേയുമൊക്കെ വെളിച്ചത്തിൽ അടിയന്തരപ്രമേയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട സാഹചര്യമുള്ളതായി ചെയറിന് തോന്നുന്നില്ല. അതുകൊണ്ട് അടിയന്തിരപ്രമേയ അവതരണത്തിനുള്ള അനുമതി നിഷേധിച്ചിരിക്കുന്നു. .....(ബഹളം).....

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സ്പീക്കർ സർ, (ബഹളം)...

മി. സ്പീക്കർ: നിയമസഭയ്ക്കുള്ളിൽ ചില നടപടിക്രമങ്ങൾ ഉണ്ട്. അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചാൽ പ്രതിപക്ഷനേതാവിന് സംസാരിക്കാൻ അവസരം കൊടുക്കണം. എന്താണ് പറയാൻ പോകുന്നതെന്ന് കേൾക്കണം. ....(ബഹളം)....

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി എല്ലാ അഴിമതിക്കാരേയും രക്ഷിച്ചുകൊണ്ട്, കേസ് പിൻവലിച്ചുകൊണ്ട് തുടരുന്ന സമീപനം ഈ ചന്ദനപ്രശ്നത്തിലും കൈക്കൊണ്ടു എന്നുള്ളത് എന്നെ അൽഭുതപ്പെടുത്തുന്നില്ല. ശ്രീ. ഉമ്മൻ ചാണ്ടി തുടർന്നു വന്ന നയസമീപനങ്ങളുടെ ഒരു തുടർച്ച എന്നുള്ള നിലയിൽ ചന്ദന പ്രശ്നത്തിലും ചന്ദനക്കടത്തിലും സംഭവിച്ചിട്ടുള്ള അഴിമതി പ്രശ്നത്തിൽ കോടതി പരാമർശത്തെ സംബന്ധിച്ച് അദ്ദേഹം ഒരു വിതണ്ഡവാദം നടത്തുകയായിരുന്നു. എന്നാൽ എന്റെ സ്നേഹിതൻ ശ്രീ. കെ.പി. വിശ്വനാഥൻ ഈ അടിയന്തരപ്രമേയത്തിന്റെ അന്തഃസത്ത മനസ്സിലാക്കി രാജി വച്ചതിനെ ഞാൻ ഹാർദ്ദമായി സ്വാഗതം ചെയ്യുകയാണ്. അദ്ദേഹം ഇവിടെ പരാമർശിച്ചിട്ടുള്ള കാര്യങ്ങളിലേയ്ക്കാണ് ഞാൻ ഇനി വരുന്നത്. അദ്ദേഹം താൻ വിജിലൻസ് അന്വേഷണത്തിന്....(ബഹളം)...

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഇനിയിപ്പോൾ അതൊക്കെ വേണോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ചില കാര്യങ്ങൾ പറയാനുണ്ട്. ചില വസ്തുതകൾ പുറത്തുകൊണ്ടുവരാനുണ്ട്. അതിന് അങ്ങ് അനുവദിക്കണം. അദ്ദേഹം വിജിലൻസ് അന്വേഷണത്തിന് യാതൊരു തരത്തിലുള്ള നിർദ്ദേശവും കൊടുത്തിട്ടില്ലായെന്ന് പറയുകയുണ്ടായി. വിജിലൻസിന്റെ ഉദ്യോഗസ്ഥൻ വനം വകുപ്പ്...

മി. സ്പീക്കർ: പ്ളീസ്...(ബഹളം)...

ശ്രീ. വി.എസ്. അച്ചുതാനന്ദൻ: വിജിലൻസിലെ ഉദ്യോഗസ്ഥന്മാർ അന്വേഷണം നടത്തിയിരിക്കുന്നത് സംബന്ധിച്ചാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ..(ബഹളം)... അദ്ദേഹം നടത്തിയ അന്വേഷണം വിജിലൻസ് ഉദ്യോഗസ്ഥൻ മി. ബാലചന്ദ്രൻ നായർ 15, 17 എന്നീ തീയതികളിൽ പാലക്കാട് വന്ന് വാളയാർ ഇൻഡസ്ട്രീസിലെ റെയ്ഡിൽ പങ്കെടുത്ത മി. ശ്രീകുമാർ, വാളയാർ റെയിഞ്ച് ഓഫീസർ മി. ഷെരീഫ്, ഒലവക്കോട് റെയിഞ്ച് ഓഫീസർ മി. ജയമോഹൻ, വാളയാർ റെയിഞ്ച് ഫോറസ്റ്റർ മി. കൃഷ്ണകുമാർ, ഒലവക്കോട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ മി. സുരേഷ്, റിസർവ്വ് വാച്ചർ എന്നിങ്ങനെയുള്ള ആളുകളുടെ മൊഴി ഉണ്ട്. മി. ബാലചന്ദ്രൻ നായർ വനം വകുപ്പിലെ വിജിലൻസ് ഓഫീസറാണ്...(ബഹളം)... അന്വേഷണം നടത്താൻ അദ്ദേഹം സഞ്ചരിച്ച വണ്ടിയുടെ ലോഗ് ബുക്ക് പരിശോധിച്ചാൽ വ്യക്തമായി മനസ്സിലാക്കാൻ കഴിയും. അതുകൊണ്ട് വിജിലൻസ്...

മി.സ്പീക്കർ: പ്ളീസ്... ചർച്ചയെല്ലാം കഴിഞ്ഞു. അടിയന്തര പ്രമേയത്തിനുള്ള റൂളിംഗ് കഴിഞ്ഞു. ഇനി അങ്ങേയറ്റം പ്രതിപക്ഷനേതാവിന് ചെയ്യാവുന്ന ഒരു കാര്യം വാക്കൗട്ട് നടത്തലാണ്. അല്ലാതെ ഇതിന്റെ മെറിറ്റിലേയ്ക്കു പോയി ഒരു ചർച്ചയുടെ രൂപത്തിൽ പോകുന്നത് ശരിയല്ല. പ്രത്യേകിച്ചും ഇപ്പോൾ നടന്ന സംഭവങ്ങളുടെ സാഹചര്യത്തിൽ നമ്മൾ ഫെയർ ആകുന്നതാണ് ഏറ്റവും അന്തസ്സ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ശ്രീ കെ.പി. വിശ്വനാഥനും സഭയെ തെറ്റിദ്ധരിപ്പിക്കുംവിധം പറഞ്ഞ വസ്തുതകളെ സംബന്ധിച്ച് അടിയന്തരപ്രമേയം അവതരിപ്പിച്ചവർക്കും അതിനെ പിൻതാങ്ങുന്നവർക്കും ഏതാനും വാക്കുകൾ പറയാൻ അങ്ങ് അത് സമ്മതിക്കുന്നില്ലെങ്കിൽ നീതിരഹിതമാണ്. അങ്ങ് ഇങ്ങനെ ചെയ്യരുത്. ഏകപക്ഷീയമായി ഭരണകക്ഷിക്ക് സഭയെ തെറ്റിദ്ധരിപ്പിക്കാനും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനും അവസരം അങ്ങു കൊടുക്കരുത്. ഞങ്ങൾക്കു പറയാനുള്ള കാര്യങ്ങൾ കൂടി കേൾക്കണം. അങ്ങ് അവർക്ക് അനുകൂലമായി നിൽക്കരുത്. പ്രതിപക്ഷത്തിന് പറയാനുള്ളതുകൂടി കേൾക്കണം.

ഞങ്ങൾ കൂടുതലൊന്നും പറയാൻ ഉദ്ദേശിക്കുന്നില്ല. കാരണം അടിയന്തര പ്രമേയത്തിന്റെ അന്തസ്സത്ത മനസ്സിലാക്കിയ ശ്രീ. കെ.പി. വിശ്വനാഥൻ അതുസംബന്ധിച്ച് ക്രിയാത്മകമായ നിലപാട് സ്വീകരിച്ചിരിക്കുന്ന സാഹചര്യത്തിൽ എനിക്ക് കൂടുതലൊന്നും പറയാനില്ല. അതേസമയംതന്നെ മുഖ്യമന്ത്രി ഇവിടെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടുള്ള ഒരു പ്രസ്താവന ചെയ്തതിനെ സംബന്ധിച്ചാണ് എനിക്ക് ചില വാക്കുകൾ പറയണമെന്നു തോന്നിയത്. അതിന് അങ്ങ് സമ്മതിക്കില്ല എന്നാണോ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: സമ്മതിക്കില്ല എന്ന് ഞാൻ പറഞ്ഞിട്ടില്ല. പ്രതിപക്ഷനേതാവിനോടുള്ള സകല ബഹുമാനത്തോടുകൂടിയും അനുവദിക്കില്ല എന്നു പറഞ്ഞില്ല. പക്ഷേ ഇപ്പോൾ ഇവിടെ നടന്ന സംഭവങ്ങളുടെ വെളിച്ചത്തിൽ ഇനി ദീർഘിപ്പിച്ച് ഇക്കാര്യത്തിലേയ്ക്ക് പോകാതിരിക്കുന്നതാണ് മാന്യതയെന്ന് തോന്നി, അത് ചെയർ പറഞ്ഞു.

ശ്രീ. വി.എസ്. അച്ചുതാനന്ദൻ: അങ്ങയുടെ ഇതുസംബന്ധിച്ചുള്ള ധാരണയോട് എനിക്ക് വിയോജിപ്പൊന്നുമില്ല. അതേസമയംതന്നെ ഇവിടെ തെറ്റിദ്ധരിപ്പിച്ചുകൊണ്ടുള്ള ചില പരാമർശങ്ങൾ നടന്നതിനെ സംബന്ധിച്ച് ചില കാര്യങ്ങൾ എനിക്ക് പറഞ്ഞേ മതിയാകൂ. അതുകൊണ്ടുമാത്രം പറയുന്നതാണ്. അതെന്തെന്നാൽ ഈ വിജിലൻസ് ഉദ്യോഗസ്ഥർ.....(ബഹളം).....

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, I raise a point of order.

ഇവിടെ റൂൾ 50 അനുസരിച്ച് ഒരു discussion വേണ്ടിവന്നു. ഇപ്പോൾ ആ ചർച്ചയ്ക്കനുസരിച്ച് റൂൾ 50-ൽ പറഞ്ഞിട്ടുള്ള കാര്യം.....(ബഹളം).....

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഞാൻ ഇവിടെ എഴുന്നേറ്റ് നിൽക്കുകയാണ്. ഞാൻ ഇരുന്നിട്ടുപോരേ.....(ബഹളം)..... ഇതെന്തു മര്യാദയാണ്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പ്രതിപക്ഷനേതാവിന് പറയാനുള്ളത് കേട്ടതിനുശേഷം തീരുമാനിച്ചാൽ മതി. അദ്ദേഹത്തെ പറയാൻ സമ്മതിക്കൂ.....(ബഹളം).....

മി. സ്പീക്കർ: പ്രതിപക്ഷനേതാവ് പറയട്ടെ. എല്ലാവരും കൂടി പറഞ്ഞാൽ എങ്ങനെയാണ്?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ഞാൻ പറഞ്ഞത് വിജിലൻസ് അന്വേഷണമെന്നു പറയുന്നത് സർക്കാർ ഉദ്യോഗസ്ഥന്മാർ ചന്ദന ഫാക്ടറികൾ റെയ്ഡ് ചെയ്യുവാൻ തുനിഞ്ഞത് കഴിഞ്ഞ 19-ാം തീയതിയിലെ കേരള ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിലാണ്. കഴിഞ്ഞ 19-ാം തീയതി കേരള ഹൈക്കോടതി എല്ലാ ചന്ദന ഫാക്ടറികളും അടച്ചുപൂട്ടണമെന്ന് ഉത്തരവിടുകയുണ്ടായി. ആ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ബാധ്യസ്ഥരായി. അങ്ങനെയാണ് അവർ പല ചന്ദന ഫാക്ടറികളും പരിശോധിച്ചതും Rural Industries- ന്റെ Factory-യിൽ അവർ ചെന്ന് പരിശോധന നടത്തിയതും. അതിനെത്തുടർന്ന് അവരുടെനേരെ ഫാക്ടറിയുടെ ഉടമ കയ്യേറ്റം നടത്തുകയാണ് ചെയ്തത്. അങ്ങനെ കയ്യേറ്റം നടത്തിയപ്പോൾ ആ ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാരെ protect ചെയ്യാനല്ല, മറിച്ച് അവരെ കയ്യേറ്റം നടത്തിയവർക്ക് protection നൽകാനുള്ള നടപടി സ്വീകരിക്കുകയാണ് ചെയ്തത്. കയ്യേറ്റത്തിന് വിധേയരായ ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാരുടെമേൽ അന്വേഷണം നടത്തുക എന്നുള്ള ദൗർഭാഗ്യകരമായ സംഭവമുണ്ടായി. അതാണ് അങ്ങയുടെയും സഭയുടെയും ശ്രദ്ധയിൽ ഞങ്ങൾ കൊണ്ടുവരാൻ ആഗ്രഹിച്ചത്. മറ്റൊന്ന് അതുസംബന്ധിച്ച കാര്യം ഗ്രഹിച്ച കേരള ഹൈക്കോടതി എടുത്ത സമീപനമാണ് ഞങ്ങളിവിടെ അടിയന്തരപ്രമേയത്തിന് ആധാരമാക്കിയിട്ടുള്ള കാര്യം.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അങ്ങേയ്ക്ക് ചെയ്യാവുന്ന കാര്യം walk out നടത്തുകയാണ്. ഈ ദീർഘമായ പ്രസംഗത്തിന്റെ .....

ശ്രീ. വി.എസ്. അച്ചുതാനന്ദൻ: അങ്ങ് ഭരണകക്ഷിക്കുവേണ്ടി ഞങ്ങളുടെമേൽ ഏതെങ്കിലും ആരോപണം തുടർച്ചയായി ആരോപിക്കുമ്പോൾ അത് മോശമാണ്. അങ്ങയുടെ സ്ഥാനത്തിനുതന്നെ അത് യോജിച്ചതല്ല.....(ബഹളം).....

മി. സ്പീക്കർ: Please take your seat.

ശ്രീ. വി.എസ്. അച്ചുതാനന്ദൻ: ഞങ്ങൾക്ക് walk out നടത്താൻ ....(ബഹളം)... പ്രതിപക്ഷത്തിനുള്ള അവകാശം ഞങ്ങൾ വിനിയോഗിക്കും. അത് തടസ്സപ്പെടുത്താൻ നോക്കരുത്.....(ബഹളം)... അതില്ലാതാകാൻ പോകുന്നില്ല.....(ബഹളം).....

മി. സ്പീക്കർ: പ്രതിപക്ഷനേതാവിനും പ്രതിപക്ഷ അംഗങ്ങൾക്കും ധാരാളം സമയം liberal ആയി കൊടുക്കുന്ന സമീപനമാണ് ചെയർ സ്വീകരിച്ചിട്ടുള്ളത്. ഇവിടെ അടിയന്തര പ്രമേയം വന്നു. അതിന് ചില ചിട്ടകളും നടപടിക്രമങ്ങളുമുണ്ട്. അതിൽ അനുമതി നിഷേധിച്ചാൽ പിന്നെ ചെയ്യാവുന്ന നടപടിക്രമത്തിന് പരിമിതികളുണ്ട്. പ്രത്യേകിച്ചും ഇന്നത്തെ സാഹചര്യത്തിൽ കാര്യങ്ങളുടെ ചുറ്റുപാടുകൾ മനസ്സിലാക്കി പ്രവർത്തിക്കുന്നതാണ് ഉചിതമെന്ന് ഞാൻ point out ചെയ്തു. ആരേയും അടിച്ചിരുത്താനോ അവകാശം നിഷേധിക്കാനോ ഞാൻ തയ്യാറില്ല. പക്ഷേ നടപടിക്രമങ്ങൾ മാന്യമായി നിലനിർത്താൻ എല്ലാവരും സഹകരിക്കണം. നിയമവും ചട്ടങ്ങളും എല്ലാവർക്കും ബാധകമാണ്. അതുകൊണ്ട് ബാക്കി പറയാൻ ചർച്ചയ്ക്ക് ധാരാളം സമയമുണ്ടല്ലോ, ഇനിയും അവസരങ്ങളില്ലേ? പ്രതിപക്ഷനേതാവിന് എതിനും സമയം തരില്ലേ? പക്ഷേ അടിയന്തരപ്രമേയത്തിന്റെ സാഹചര്യത്തിൽ it is too much. അങ്ങ് സഹകരിക്കണം.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സ്പീക്കർ സർ, അങ്ങയുടെ അഭ്യർത്ഥന ഞാനിപ്പോൾ അംഗീകരിക്കുന്നു. എന്നാൽ അങ്ങ് എന്നോട് നീതി കാണിച്ചുവെന്ന് ധരിക്കരുത്. ഇതുസംബന്ധിച്ച് രണ്ടുമിനിട്ടുപോലും വിശദീകരിക്കാൻ അങ്ങ് സമയം തരാതെ എന്നെ ഇരുത്തുന്നതിനുവേണ്ടിയുള്ള സമീപനമാണ് സ്വീകരിച്ചത്. അത് നീതികേടായിപ്പോയി എന്ന എന്റെ വികാരം ഞാൻ അറിയിക്കുകയാണ്....(ബഹളം).....

Mr. Speaker: Yes, Calling Attention..... Shri P.S. Supal...:

LIBRARY ARCHIVES Kerala Legislative Assembly